തിരിച്ച് പോയിട്ടുണ്ട്. ഹൈക്കോടതി വിധിയെ തുടർന്ന് അദ്ധ്യാപക ജീവനക്കാരെ ഇടയ്ക്കുവച്ച് പിരിച്ച് വിട്ടിട്ടുണ്ട്.

(ഡി) നിലവിലുള്ള ഒഴിവുകളിൽ ഡെപ്യൂട്ടേഷനിൽ നിയമനം നടത്തുവാൻ തീരുമാനമെടുത്തിട്ടില്ല എന്ന് യൂണിവേഴ്സിറ്റി അറിയിക്കുന്നു.

കൊച്ചി സർവ്വകലാശാലയിലെ രജിസ്ട്രാറുടെയും ലൈബ്രേറിയന്റെയും തസ്തികകളിലെ ഒഴിവുകൾ

117 (2994) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി സർവ്വകലാശാലയിലെ രജിസ്ട്രാറുടെയും ലൈബ്രേറിയന്റെയും തസ്തികകളിലൊഴിവുണ്ടായതെന്നാണ് ;

(ബി) പ്രസ്തുത തസ്തികകളിൽ നിയമിക്കപ്പെടുന്നതിന് എത്ര അപേക്ഷകർ വീതമുണ്ടായിരുന്നു ; അവരിൽ എത്ര പേരെ ഇന്റർവ്യൂവിന് ക്ഷണിച്ചു ;

(സി) ഈ സർവ്വകലാശാലയിലെ വി. സി. , പി. വി. സി., രജിസ്ട്രാർ, ഫൈനാൻസ് ഓഫീസർ, ലൈബ്രേറിയൻ തുടങ്ങിയ തസ്തികകളിൽ പട്ടിക ജാതിക്കാരോ പിന്നോക്കവിഭാഗത്തിൽപ്പെടുന്നവരോ ഉണ്ടോ ;

(ഡി) ഇല്ലെങ്കിൽ അവിടെയിപ്പോൾ ഒഴിവുള്ള ഈ ഗണത്തിലെ തസ്തികകളിൽ പ്രസ്തുത വിഭാഗത്തിൽപ്പെടുന്നവർക്ക് നിയമനം നൽകുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നല്കുന്നതാണ്.

ലൈബ്രേറിയൻ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിനുള്ള യോഗ്യത

118 (2995) ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജ് , പോളിടെക്നിക്, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നിവടങ്ങളിലൊക്കെ ലൈബ്രേറിയൻ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിനുള്ള യോഗ്യത ലൈബ്രറി സയൻസിൽ സർട്ടിഫിക്കറ്റ് കോഴ്സ് ആയിരിക്കവെ പ്ലസ് ടു വിദ്യാലയങ്ങളിൽ മാത്രം ഈ നിയമനത്തിന് ലൈബ്രറി സയൻസിൽ ഡിഗ്രിയായി നിജപ്പെടുത്തിയിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) ജി. ഒ. (പി) 36/71/വിദ്യാ. തീയതി 23-3-1971 പ്രകാരം 5000 പുസ്തകങ്ങളിൽ താഴെയുള്ള ലൈബ്രറികളിൽ സർട്ടിഫിക്കറ്റുകാരെയാണ് നിയമിക്കേണ്ടതെങ്കിൽ പ്രാരംഭഘട്ടത്തിലുള്ള പുസ്തക സംഖ്യ നന്നേ കുറവായിട്ടുള്ള പ്ലസ് ടു സ്കൂളുകളിലും സർട്ടിഫിക്കറ്റുകാരായ 4-ാം ഗ്രേഡ് ലൈബ്രേറിയൻമാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഈ അപാകത പരിഹരിക്കുവാനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly